LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി സെക്ഷൻ വിഭജനം

14 (399) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷനിൽപ്പെട്ട ചങ്ങനാശ്ശേരി സെക്ഷൻ വിഭജിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി& സി) പുതിയ സെക്ഷൻ ഓഫീസ് രൂപീകരണത്തിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സയമം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ചങ്ങനാശ്ശേരി സെക്ഷൻ വിഭജിച്ച് വാഴപ്പള്ളിയിൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. 35 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 24491 ഉപഭോക്താക്കളുമുള്ള ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസ് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ വരാത്തതിനാൽ ടി -സെക്ഷൻ വിഭജനം പരിഗണിക്കാൻ സാധിക്കുകയില്ല.

കെ.എസ്.ഇ.ബി- യിലെ ഒഴിവുകൾ

15 (400) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി. യുടെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ആകെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ (2016 ജനുവരിയിലെ കണക്കുപ്രകാരം) ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഉദ്യോഗപ്പേര്	ഒഴിവുകളുടെ എണ്ണം
1	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(ഇലക്ട്രിക്കൽ)	8
2	അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ)	14
3	സീനിയർ സൂപ്രണ്ട്	13
4	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	3
5	സബ് എൻജിനീയർ (ഇലക്ട്രിക്കൽ)	33
6	ലൈൻമാൻ	24
7	ഇലക്ട്രിസിറ്റി വർക്കർ	7
8	ഫെയർകോപ്പി അസിസ്റ്റന്റ്	2
9	ഓഫീസ് അറ്റൻഡന്റ്	1
10	പി.റ്റി.സി. സ്വീപ്പർ	26
11	ഡ്രൈവർ	9
	ആകെ	140

(ബി) ഉണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻവഴി നിയമനം നടത്തിയും പ്രൊമോഷനുകൾ നടത്തിയും ജനറൽ ട്രാൻസ്ഫറിലൂടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കൽ

16 (401) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട്-അതിരം-കുട്ടക്കം-വെള്ളോറ പ്രദേശത്തെ കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ട്രാൻസ്ഫോമറും വൈദ്യുതി ലൈനുകളും മാറ്റി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?